പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7483 — 17.07.2012 ൽ മറുപടിയ്ക്ക്

# രാസവളങ്ങളുടെ വില വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും. സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാസവളങ്ങളുടെ വില എത്ര പ്രാവശ്യം വർദ്ധിച്ചു; വിശദാംശം നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാസവളങ്ങളുടെ വില എത്ര പ്രാവശ്യം വർദ്ധിച്ചു എന്നതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വളം | വില വർദ്ധിച്ച തവണകൾ | വർദ്ധിപ്പിച്ച വില (ഒരു ടണ്ണിന്) |
|---|---|---|---|
| 1 | യൂറിയ | 1 | 52 |
| 2 | മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | 9 | 10655 |
| 3 | ഫാക്ടം ഫോസ് | 5 | 5957 |
| 4 | 20:20:0:13 (ഇഫ്കോ) | 2 | 4710 |
| 5 | ഡൈ അമോണിയം ഫോസ്ഫേറ്റ് | 7 | 11516 |

(ബി) രാസവളങ്ങളുടെ ലഭ്യതകുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വളങ്ങൾ മതിയായ തോതിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നടത്തുന്ന പ്രതിവാര വീഡിയോ കോൺഫറൻസിൽ ഓരോ ആഴ്ചയിലേയും കേരളത്തിലെ രാസവള ലഭ്യത സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പ് കേന്ദ്ര രാസവള മന്ത്രാലയത്തെ ധരിപ്പിക്കാറുണ്ട്. കൂടാതെ

രാസവള ക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരുമായി രേഖാമൂലം ഉടനടി ബന്ധപ്പെടുകയും ദൗർലഭ്യം പരിഹരിക്കുകയും ചെയ്യാറുണ്ട്.

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ കർഷകർക്ക് സംസ്ഥാന സർക്കാർ രാസവളത്തിന് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | കൃഷിവകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ കാർഷിക പദ്ധതികളിൽ ഉത്പാദനോപാധികളിൽ ഉൾപ്പെടുത്തി 50% മുതൽ 100% വരെ സബ്സിഡിയിൽ രാസവളം കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ നെൽകൃഷിക്കായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളായ കരനെൽകൃഷി പ്രോത്സാഹന പദ്ധതി, പ്രത്യേക നെല്ലിനങ്ങളായ ഞവര, പൊക്കാളി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി, മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസനം, RKVY പദ്ധതികൾ എന്നിവയിലെല്ലാം തന്നെ ഉത്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി നൽകുന്നുണ്ട്. തെങ്ങ് കൃഷി വികസനത്തിനായി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതി നടപ്പിലാക്കുന്ന തിരുവനന്തപുരം , കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ തിരഞ്ഞെടുത്ത ബ്ലോക്കുകളിലെ കേരകർഷകർക്ക് 100% സബ്സിഡി നിരക്കിൽ രാസവളം നൽകുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികളിലും ഉത്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി നൽകുന്നുണ്ട്.<br>കൂടാതെ രാസവളത്തിന്റെ വിലവർദ്ധനവ് കണക്കിലെടുത്ത് നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകി വരുന്ന പ്രൊഡക്ഷൻ സബ്സിഡി ഹെക്ടറിന് 1500/- രൂപ എന്നത് 3000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും അതിനുപുറമെ ഹെക്ടറിന് 1000/- രൂപ പ്രത്യേക സബ്സിഡിയായി അനുവദിച്ചുകൊണ്ടും (ആകെ 4000/-രൂപ); വാഴക്കൃഷിക്ക് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ നൽകിവരുന്ന സബ്സിഡിക്കുപുറമെ ഹെക്ടറിന് 1000/-രൂപ പ്രത്യേക സബ്സിഡിയായും അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ